കേരളസർക്കാർ

# നവകേരളം കർമ്മപദ്ധതി 2

04.06.2022

## പത്രക്കുറിപ്പ്

# ലോക പരിസ്ഥിതി ദിനത്തിൽ നാടാകെ നവകേരളം പച്ചത്തുരുത്തുകൾ

- **സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ മുഴക്കുന്ന് പാലപ്പുഴ അയ്യപ്പൻകാവിൽ വൃക്ഷത്തൈ നട്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കും**

ലോക പരിസ്ഥിതി ദിനത്തിൽ നാടാകെ നവകേരളം പച്ചത്തുരുത്തിന് തുടക്കമിട്ട് നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ. കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ പാലപ്പുഴ അയ്യപ്പൻകാവിലെ 136 ഏക്കർ പ്രദേശത്ത് ജൂൺ 5 ന് വൈകുന്നേരം 4 മണിക്ക് വൃക്ഷത്തൈനട്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ പദ്ധതി വിശദീകരിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നൂറോളം പച്ചത്തുരുത്തുകൾക്ക് നാളെ തുടക്കമാവും. 574 ഏക്കറിലായി നിലവിലുള്ള 1850ലധികം പച്ചത്തുരുത്തുകൾക്ക് പുറമേയാണിത്. തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. വെള്ളായണി കാർഷിക കോളേജിൽ അപൂർവ്വ സസ്യങ്ങളും ഔഷധ സസ്യങ്ങളും ഉൾപ്പെടുത്തി 5 സെന്റ് വീതമുള്ള ര□ ̆ പച്ചത്തുരുത്തുകൾക്കും നാളെ തുടക്കമാവും. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യും.

കൊല്ലത്ത് കൊട്ടാരക്കര നഗരസഭയിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ, ഇടുക്കിയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ശാന്തിഗ്രാം ഗവൺമെന്റ് സ്കൂളിൽ ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ, മലപ്പുറത്ത് പുറത്തൂർ ഗ്രാമപഞ്ചായത്തിൽ കായിക മന്ത്രി വി. അബ്ദുറഹിമാൻ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ, പത്തനംതിട്ട ഏഴംകുളം പഞ്ചായത്തിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കാസർഗോഡ് നഗരസഭയിൽ എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ., കോട്ടയം നഗരസഭയിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., വയനാട് മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ പി. സിദ്ദീഖ് എം.എൽ.എ., തൃശൂർ കാറളം പഞ്ചായത്ത് മൃഗാശുപത്രി വളപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ, പാലക്കാട് അനങ്ങനടി 8-ാം വാർഡിൽ പത്താംകുളത്ത് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, ആലപ്പുഴ ദേവികുളങ്ങരയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, എറണാകുളം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഐ.ആർ.ടി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. പി.കെ. രവീന്ദ്രൻ എന്നിവരാണ് വൃക്ഷത്തൈ നട്ട് നവകേരളം പച്ചത്തുരുത്തുകൾക്ക് ജില്ലാതലങ്ങളിൽ തുടക്കം കുറിക്കുന്നത്. പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും പരിസ്ഥിതി പുനസ്ഥാപനവും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്ത് വ്യാപന പദ്ധതിക്ക് തുടക്കമിടുന്നതെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447587632**

ബി.എസ്.എൻ.എൽ. ഭവൻ, മൂന്നാം നില, ഉപ്പളംറോഡ്, സ്റ്റാച്യു, തിരുവനന്തപുരം 695001
ഫോൺ : 0471 2449939, ഇ-മെയിൽ : navakeralamgok@gmail.com